# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2466 08.05.2017- ൽ മറുപടിക്ക്

**മതപരിവർത്തനം നടത്തുന്നവരുടെ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.സി.മമ്മൂട്ടി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മതപരിവർത്തനം നടത്തുന്നവർക്ക് അതു സംബന്ധിച്ച് സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെട്ട സ്ഥാപനങ്ങൾ എതൊക്കെയാണ് ; | (എ) | മതപരിവർത്തനം നടത്തുന്നവർക്ക് ഗസറ്റ് നോട്ടിഫിക്കേഷൻ നൽകുന്നതിനായി അതു സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം റവന്യൂ വകുപ്പിലെ തഹസീൽദാരുടെ റാങ്കിൽ കുറയാത്ത ആഫീസർമാർക്കാണ്. |
| (ബി) ഇവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിവർത്തകർക്ക് അയാളുടെ പേരും മതവും മാറ്റുന്നതിന് ഗസറ്റ് വിജ്ഞാപനം ആവശ്യമായിട്ടുണ്ടോ; എങ്കിൽ ഗസറ്റ് വിജ്ഞാപനം നടത്തുവാനായി മതപരിവർത്തനം ചെയ്യുന്നയാൾ മറ്റ് രേഖകൾക്കൊപ്പം പുതിയ മതം സ്വീകരിക്കുന്ന തീയതി വരെ പഴയ മതവിശ്വാസിയായും മതം മാറിയശേഷം അധികാരപ്പെട്ട സ്ഥാപനത്തിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിച്ച തീയതി മുതൽ പുതിയ മതവിശ്വാസിയായും താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ഓഫീസറിൽനിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടോ; | (ബി) | ഗസറ്റ് വിജ്ഞാപനം ആവശ്യമാണ്. നിലവിലുള്ള പരിവർത്തനത്തിനു മുമ്പുള്ള മതം/ജാതി എന്നിവ തെളിയിക്കുന്ന വില്ലേജാഫീസറുടെ ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് Printing &Stationary ( Printing) ഡയറക്ടറുടെ "കേരള ഗസറ്റ് ഭാഗം IV -ൽ പരസ്യങ്ങൾ നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ "-ൽ പറയുന്നു. |
| (സി) എങ്കിൽ വില്ലേജാഫീസർമാർ ഈ സർട്ടിഫിക്കറ്റ് നൽകുന്നത് എന്ത് അടിസ്ഥാനത്തിലാണ്; | (സി) | അപേക്ഷകർ ഹാജരാക്കുന്ന രേഖകളുടേയും വിശദമായ പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിലാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. |
| (ഡി) ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിന് വില്ലേജാഫീസർമാർക്ക് പുറമേ മറ്റാർക്കൊക്കെ അധികാരമുണ്ട്; | (ഡി) | മറ്റാർക്കും അധികാരം നൽകിയിട്ടില്ല. |
| (ഇ) ചില വില്ലേജാഫീസർമാർ ഇപ്രകാരമുള്ള സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ മതപരിവർത്തകരെ ബുദ്ധിമുട്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | എങ്കിൽ അപേക്ഷകനെ നന്നായി അറിയാവുന്ന രണ്ട് ഗസറ്റഡ് ഓഫീസർമാർ ഇതിന് സർട്ടിഫൈ ചെയ്യുന്നതിലെ അപാകത എന്താണ്: വ്യക്തമാക്കാമോ: | (എഫ്) & (ജി) | വിശദമായ പ്രാദേശിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് ആഫീസർമാർ സർട്ടിഫിക്കറ്റ് നൽകുന്നത്. ആയതിനാൽ ഗസറ്റഡ് ആഫീസർമാരെ ഇങ്ങനെയൊരു സർട്ടിഫിക്കറ്റ് നൽകുവാൻ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശവും ഇപ്പോൾ പരിഗണനയിലില്ല. |
| (ജി) | ഗസറ്റഡ് ഓഫീസർമാരുടെ സർട്ടിഫിക്കറ്റ് രേഖയായി സ്വീകരിച്ച് ഗസറ്റ് വിജ്ഞാപനം നടത്താൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുമോ: | | |

**സെക്ഷൻ ഓഫീസർ**